## ശകുന്തളയുടെ സഞ്ചാരവഴികൾ

കാളിദാസകഥയെ അവലംബിച്ച് ലോകധർമ്മി അവതരിപ്പിക്കുന്ന 'ശാകുന്തളം, ഒരു വേട്ടയുടെ കഥ' എന്ന നാടകത്തെക്കുറിച്ച്

കെ.ജി. പൗലോസ്

മുവ്വായിരത്തോളം വർഷത്തിനപ്പുറം ഒരു കാനനകന്യകയ്ക്ക് നാഗരികതാരുണ്യത്തോടുണ്ടായ ആസക്തിയെ വിവരിക്കുമ്പോൾ ഇതിഹാസകവി അത്ര ഗൗരവമുള്ളൊരു കാര്യമായി അതിനെ കണക്കാക്കിയിരിക്കാൻ ഇടയില്ല. ചുറ്റും കാണുന്ന അനവധി ചതിക്കുഴികളിലൊന്ന് എന്നേ അദ്ദേഹമതിനെ കരുതിയുള്ളൂ. എങ്കിലും, ഒരശരീരിയെ സൃഷ്ടിച്ച് അവളുടെ മാനംകാക്കാൻ വേണ്ട മുൻകരുതൽ അദ്ദേഹമെടുത്തിരുന്നു. കാലമേറെക്കഴിഞ്ഞ്, മാളവകന്യകമാരുടെ തേങ്ങൽ തങ്ങിനിൽക്കുന്ന അഗ്നിമിത്രന്റെ നാടകശാലയിൽ അവളെ അവതരിപ്പിച്ചപ്പോൾ കാളിദാസനതിനെ പ്രണയത്തിന്റെ ഉത്സവമായി ആഘോഷിച്ചു. ഒപ്പം പ്രണയമെന്നത് പൂവുമാത്രമല്ലെന്നും പൂവുണ്ടാകുന്നത് കായ്ക്കാൻവേണ്ടി ആണെന്നും കൂടി അദ്ദേഹം ഓർമ്മിപ്പിച്ചു. പുരുഷനെ പും എന്ന നരകത്തിൽനിന്ന് രക്ഷിക്കാനുള്ള പുത്രനെ സൃഷ്ടിച്ച് പ്രജാതന്തുവിനെ നിലനിർത്തുകയാണ് പ്രണയത്തിന്റെ സാഫല്യമെന്നായിരുന്നു കവി പറഞ്ഞുവെച്ചത്. അപ്പൊഴും പുരുഷന്റെ കാമചാരിത്വം അദ്ദേഹം കാണാതിരുന്നില്ല. അതുകൊണ്ടവന് മറവി നൽകാൻ സുലഭകോപിയായയൊരു മാമുനിയുടെ, ദുർവ്വാസാവിന്റെ, ശാപകഥ തുന്നിച്ചേർത്തു. മറന്നതു പുരുഷനാണെങ്കിലും ശാപത്തിന്റെ വ്യഥ പേറിയത്, പതിവുപോലെ, സ്ത്രീയായിരുന്നു. ആ വേദനയിൽ തുടങ്ങിയതാണ് ശകുന്തളയുടെ യാത്ര.

അവൾ നടന്ന വഴിയിലെ കാല്പാടുകൾ കണ്ടെത്തി വിരലടയാളം നോക്കി തലവരതിരിച്ചറിയാൻ അനവധി ശ്രമങ്ങൾ അന്നുമുതൽതന്നെ നടന്നിട്ടുണ്ട്. അടുത്തയിടെ വിശ്രുത ചരിത്രകാരിയായ റൊമിലഥാപ്പർ കാലത്തിൽ അവൾ പതിപ്പിച്ച പാദമുദ്രകളെ തിരിച്ചറിഞ്ഞിട്ടുണ്ട്. എങ്കിലും കാലത്തിന് അവളെ കൈയിലൊതുക്കാൻ കഴിഞ്ഞില്ല. ശകുന്തള യാത്ര തുടരുകയാണ്; ദുഷ്യന്തനെ ബഹുദൂരം പിന്നിലാക്കിക്കൊണ്ട്.

മലയാളത്തിലെ നാടകചരിത്രം പണ്ഡിതന്മാർ തുടങ്ങിവെയ്ക്കുന്നത് കേരളവർമ്മയുടെ ശാകുന്തളപരിഭാഷയിലാണ്. തമ്പുരാനിൽ തുടങ്ങിയാൽ എന്തിനും ഒരൈശ്വര്യം വേറെയുണ്ടല്ലോ! തുടർന്നുണ്ടായ പരാവർത്തനങ്ങളും ആഖ്യാനങ്ങളും എണ്ണാൻ അക്കങ്ങളനേകം വേണ്ടിവരും. ശാകുന്തളത്തെ ഒന്നു തൊട്ടുതലോടാനായില്ലെങ്കിൽ പിന്നെന്തിന് കവിത്വം

എന്നായിരുന്നു ഏവരുടെയും മനോഗതി. എന്തിന് ഏറെ, ആറ്റൂർപോലും മന്മഥകഥാഗന്ധം ഗ്രഹിക്കാത്ത മാൻപേടയുടെ കഥ മലയാളത്തിലാക്കി!

അരങ്ങിലുമുണ്ടായിരുന്നു ശകുന്തളയ്ക്കനേകം ആരാധകർ. കണ്ണുപൊട്ടുമെന്ന് പേടിച്ച് ചാക്യാർ ഇടയ്ക്കവളെ നോക്കാൻ കൂട്ടാക്കിയില്ല; പ്രൗഢിക്കിവൾ പോരാ എന്ന് കഥകളിയും നിരൂപിച്ചു. (പിൽക്കാലത്ത് കൂടിയാട്ടവും കഥകളിയും കാട്ടുപൂവിലും തേനുണ്ടെന്നറിഞ്ഞു, അതുവേറെ കഥ). കളങ്കലേശമില്ലാതെ കേരളത്തിൽ ശകുന്തളയെ എതിരേറ്റത് ജനകീയരംഗവേദിയായ സംഗീതനാടകങ്ങൾ ആണ്. പി.എസ്. വാരിയരുടെ സംഗീതശാകുന്തളം കേരളം ശരിക്കുമാഘോഷിച്ചു. വണ്ടിനെ വെട്ടാൻ വാളുമായി ചാടുന്ന നായകന്റെ വങ്കത്തത്തെ ഒഴിവാക്കാൻ ഭ്രമരബാധയെ രാക്ഷസപീഡയാക്കി മാറ്റി, ശ്രീ വാരിയർ. മുക്കുവകുടുംബത്തിലെ കലഹങ്ങളും മത്സ്യച്ചന്തയിലെ ബഹളങ്ങളുമൊക്കെ കാണിച്ച് അരങ്ങ് കൊഴുപ്പിക്കാനും സംഗീതശാകുന്തളത്തിന് കഴിഞ്ഞു.

ശാകുന്തളത്തിന് സാധാരണക്കാരിൽ പിൽക്കാലത്ത് സ്വീകാര്യത നൽകിയത് സിനിമയാണ്. ശാന്താറാമിനെപ്പോലുള്ളവർ അഖിലേന്ത്യാതലത്തിൽ ശകുന്തളയെ അഭ്രപാളിയിൽ പകർത്തിയിരുന്നു. മലയാളിക്ക് വേണ്ടി അതുചെയ്തത് കുഞ്ചാക്കോ ആണ്. അവിടെയും കെ.ആർ. വിജയയുടെ ശകുന്തളയേക്കാൾ മലയാളി ആസ്വദിച്ചത് വയലാറിന്റെ വരികളെയാണ്. ശംഖുപുഷ്പം കണ്ണെഴുതുന്നതും പ്രണയലേഖനം എങ്ങനെ എഴുതണമെന്നതുമൊക്കെ, രമണന്റെ വരികളെപ്പോലെ, മലയാളിക്ക് നെഞ്ചിൽ ഏറെക്കാലം കുളിരുപകർന്നിരുന്നു.

നമ്മുടെ അരങ്ങിൽ അടുത്തകാലത്ത് ശകുന്തളയെ പ്രതിഷ്ഠിച്ചത് നാടകാചാര്യൻ കാവാലം നാരായണപ്പണിക്കരാണ്. മൂന്നിലധികം ദശകങ്ങളായി കാവാലത്തിന്റെ ശകുന്തള നമ്മുടെ കൺമുന്നിൽ മിന്നിമറയുന്നു. ശകുന്തള പുഷ്പമാണ് നാട്യാചാര്യന് – ചുംബനമറിയാത്ത പൂവ്; ദുഷ്യന്തൻ പുതുതേൻ നുകരാൻ പറന്നെത്തുന്ന വണ്ട്. കാളിദാസന് ഏറ്റവും പ്രിയപ്പെട്ട ബിംബമാണത്. ലോകധർമ്മി പുതുതായി അരങ്ങിലെത്തിക്കുന്ന നാടകത്തിൽ ബിംബം വേറെയാണ് – കന്യാവനത്തിലെ മാൻപേടയാണവൾ, അമ്പുമായി ആക്രമിച്ചെത്തുന്നു വേട്ടക്കാരൻ രാജാവ്. കരിമ്പിൻവില്ലിൽ തൊടുക്കാൻ അമ്പുകൾ അഞ്ച് – അരവിന്ദം, അശോകം, ചൂതം, നവമാലിക, നീലോല്പലം. പുഷ്പശയ്യയുടെ മൃദുലതയിൽ മുറിവിന്റെ വേദന അവൾ അറിഞ്ഞില്ല; അറിഞ്ഞുവന്നപ്പോഴെയ്ക്കും കാനനമാകെ തകർന്നിരുന്നു.

നാല് അടരുകളിലാണ് ഈ അവതരണത്തിന്റെ ക്രിയാംശം വിടരുന്നത്. ഊഷരമായ വേനലിൽ കഥ ആരംഭിക്കുന്നു. എങ്ങും വരൾച്ച. വ്യവസായശാലകൾ തുപ്പുന്ന വിഷപ്പുകയിൽ വീർപ്പുമുട്ടുന്ന നഗരം. സ്വപ്നങ്ങൾ കരിയുന്നു. വൃക്ഷങ്ങളുടെ ഇലകൾ പൊഴിഞ്ഞിരിക്കുന്നു. മരണശ്വാസം വലിക്കുന്നവർ വിടർത്തുന്ന വിരലുകൾ പോലെ ഉണങ്ങിയ ചുള്ളി

ക്കൊമ്പുകൾ ഉയർന്നുനിൽക്കുന്നു. വർത്തമാന കാലത്തിന്റെ വരൾച്ചയാണിത്. ഭൂതകാല ത്തിലാണ് രണ്ടാമത്തെ തലം. മാലിനീതീരം, മാൻപേടകൾ, മുനികന്യകമാർ, വനമാകെ പൂത്തുലയുന്നു. ഉണങ്ങിയ കൊമ്പുകളിൽ ജീവന്റെ തുടിപ്പുകൾ. എങ്ങും ആഹ്ളാദകല വികൾ. കുളിരേറിയ തണൽ, ഒഴുകുന്ന തേനരുവി, മധുതിരയും വണ്ട്. ഈ സൗഭാഗ്യ ങ്ങൾക്ക് നടുവിലാണ് പുഷ്പിണിയായ ഭൂമിയുടെ മടിയിൽ പ്രകൃതിയൊരുക്കിയ പുഷ്പ ശയ്യയിൽ മിഥുനങ്ങളുടെ സമാഗമം. ഈ സമൃദ്ധിയിൽ നിറഞ്ഞുനിൽക്കുന്നു നാലങ്കങ്ങ ളുടെ കഥ. മൂന്നാംഭാഗം നഗരത്തിൽ. അരങ്ങ് വീണ്ടും മരവിപ്പിൽ. പൂക്കൾ കൊഴിഞ്ഞിരി ക്കുന്നു. അവ അടിച്ചുവാരുന്ന തൂപ്പുകാരിയാണ് രാജധാനിയുടെ പ്രതീകം. ചൂലിന്റെ ഒച്ച സംഗീതത്തിൽ ഇടകലരുന്നു. നഷ്ടസൗഭാഗ്യങ്ങളുടെ വാടിയ മലരുകൾ നിർവികാരമായി തൂത്തുമാറ്റുന്ന പരിചാരിക നാടകത്തിലെ ശക്തമായൊരു ദൃശ്യബിംബമാണ്. ദുഷ്യന്തൻ ശകുന്തളയെ അപമാനിക്കുമ്പോൾ അവൾ 'അനാര്യ' എന്നലറിക്കൊണ്ട് തകർന്നുവീഴുന്നു. ഏറെ നേരത്തേക്ക് അവളുടെ തേങ്ങലുകൾ. തുടർന്ന്, അവൾ തൂത്തുകൂട്ടിയ വാടിയ പൂക്ക ളുടെ ശവപ്പറമ്പിലേയ്ക്ക് അതേ ശാപവാക്ക് ആവർത്തിച്ചുകൊണ്ട് ശകുന്തളയും വീഴു ന്നു. ചെറിയൊരു രംഗമാണവസാനത്തെ അടരിൽ. അമ്മ വന്ന് മകളെ സ്വർഗ്ഗത്തിലേയ്ക്കു യർത്തികൊണ്ടുപോകുന്ന രീതിയിലാണ് കാളിദാസൻ അഞ്ചാമങ്കം അവസാനിപ്പിക്കുന്നത്. ഇവിടെ, പക്ഷേ, ശകുന്തളയുടെ നിസ്സഹായതയിൽ പങ്കുചേരുന്നത് സമൂഹമാണ്. ശകു ന്തളയുടെ വിലാപത്തിന് മേൽ ശാന്തസംഗീതം ഒഴുകിയെത്തുന്നു. ഒരുകൂട്ടം സ്ത്രീകൾ, പക്ഷികൾ, അപ്സരസ്സുകൾ – മെല്ലെമെല്ലെ അരങ്ങിലേയ്ക്ക്. ശകുന്തള അവരിൽ അലി യുന്നു. മൃദുതാളത്തിൽ അവരോടൊപ്പം അവൾ ഉയരുകയാണ്; ചതിയരുടെ ഭൂജശാഖ കൾവിട്ട്. ദുഷ്യന്തനവളുടെ മുൻപിൽ കൊച്ചായിപോവുന്നു. അവശനായി അയാൾ ശകു ന്തളയെ തിരിച്ചുവിളിച്ചു. മറവി മാറിയതാകാം, അവളുടെ ഉദരത്തിലെ ചക്രവർത്തിചിഹ്നത്തെ തിരിച്ചറിഞ്ഞതുകൊണ്ടാകാം, ചതിയുടെ ആവർത്തനമാകാം. തിരസ്കരിച്ചവളെ തിരിച്ചു വിളിച്ചു. അവൾ വഴങ്ങിയില്ല, കൂട്ടരോടൊപ്പം മുന്നോട്ടുനീങ്ങി, സമൂഹത്തിൽ ലയിച്ചു, അതോ പ്രകൃതിയുടെ, അമ്മയുടെ മാറിലോ?

രാജാവ് തരിച്ചുനിന്നു. ദുഷ്യന്തൻ ശകുന്തളയെ പരിത്യജിക്കുന്ന കഥയേ ചരിത്രത്തിലൂള്ളൂ, ഇവിടെപ്പക്ഷേ, ശകുന്തള ദുഷ്യന്തനെ തിരസ്കരിക്കുന്നു! കാര്യങ്ങൾ കീഴ്മേൽ മറിയുന്നോ? അധികാരത്തിന്റെ, അഹന്തയുടെ പത്തി താനേ താഴുന്നുവോ? രാജാവിന്റെ തന്നെ മനസ്സാ ക്ഷിയായ വിദൂഷകൻ തെര്യപ്പെടുത്തി – 'കാലം നമ്മുടെ കൈയിലൊതുങ്ങുന്നില്ലല്ലോ തോഴരേ?' നാടകത്തിലെ അവസാനത്തെ വാക്യമിതാണ്. ചരിത്രം ആരംഭിച്ചകാലം മുതൽ മണ്ണിനെയും പെണ്ണിനെയും അടക്കി നിർത്തിയ ആണധികാരത്തെയാണ് പെണ്ണൊരുത്തി കൊഞ്ഞനം കുത്തുന്നത്. സഹിക്കുന്നതെങ്ങനെ? ദുഷ്യന്തനെങ്ങനെ പ്രതികരിച്ചു എന്ന

റിയുന്നതിന് മുമ്പ് നാടകത്തിന്റെ തിരശ്ശീല വീണു; രാജാവിന്റെ കൈയ്യിൽനിന്ന് മോതിരം തൂത്തുകൂട്ടിയ പൂക്കളുടെ ചവറ്റുകൂനയിലേയ്ക്കും.

സൂക്ഷ്മമായിട്ടാലോചിച്ചാൽ മൂന്ന് പ്രതിനിധാനങ്ങളാണ് ഈ അവതരണത്തിലുള്ളത്. രാജാവും തോഴരും സേനാപതിയുമടങ്ങുന്ന ഒരു യൂണിറ്റ്, ശകുന്തളയും തോഴിമാരും മറ്റൊന്ന്, കണ്വനും ശിഷ്യന്മാരും ഗൗതമിയും ചേർന്ന് മൂന്നാമതൊന്ന്. ഒന്നും രണ്ടും കക്ഷികൾ തമ്മിലാണ് ക്രിയാംശത്തിൽ സംഘർഷമുള്ളത്. മദ്ധ്യസ്ഥനെന്ന നിലയാണ് മൂന്നാം കക്ഷിക്ക്. യഥാർത്ഥത്തിൽ ശകുന്തളയാരാണ് – സ്ത്രീയോ പ്രകൃതിയോ അമ്മയോ? ഏതായാലും അവളിൽ അധികാരം പുരുഷനാണ്; മാലിനിയുടെ ശാലീനതയിൽ അത് പ്രയോഗിച്ചത് മധുരമായിട്ടാണ്, നെഞ്ചകത്തെ വിഷം പുഞ്ചിരിയിൽ പൊതിഞ്ഞു; പക്ഷേ തന്റെ തട്ടകത്തിലെത്തിയപ്പോൾ ധാർഷ്ട്യം പത്തിവിരിച്ചാടി. ആ വിഷപ്പുക കാളിദാസൻ സഹിച്ചു. ഇരുപതു നൂറ്റാണ്ടുകൾക്കിപ്പുറത്തുള്ളവൾ അങ്ങനെ സഹിക്കണമെന്നുണ്ടോ? ഒന്നോർക്കണം, കാളിദാസന്റെ നാടകമല്ലിത്, ചന്ദ്രദാസന്റേതാണ്. കാലത്തിന്റെ തേങ്ങലുകളെ ഇന്നത്തെ സംവിധായകന് കണ്ടില്ലെന്ന് നടിക്കാനാകുമോ?

കാലത്തിന്റെ കണ്ണാടി ദുഷ്യന്തന്റെ നേരെ പിടിച്ചത്, മലയാളത്തിൽ, മുണ്ടശ്ശേരിയാണ്. കാളിദാസനും കാലത്തിന്റെ ദാസൻ എന്നായിരുന്നു, ഏറെ ഒച്ചപ്പാടുണ്ടാക്കിയ, മുണ്ടശ്ശേരിയുടെ പ്രഖ്യാപനം. ഇതിഹാസത്തിലില്ലാത്ത ദുർവ്വാസാവിന്റെ ശാപം സൃഷ്ടിച്ചത് ദുഷ്യന്തനെ വെള്ളയടിക്കാനാണെന്നായിരുന്നു അദ്ദേഹത്തിന്റെ വാദം. വെള്ളയടി സംസ്കൃതത്തോട് വേണ്ടെന്ന്, അന്ന്, കുട്ടികൃഷ്ണമാരാര് തിരിച്ചടിച്ചു. വാദം കൊഴുത്തെങ്കിലും തീർപ്പൊന്നുമുണ്ടായില്ല. ഈ നാടകം ആ സംവാദം ഏറ്റെടുക്കുന്നു. വാദത്തിനൊടുവിൽ ആൾക്കൂട്ടം അദ്ഭുതപ്പെടുന്നു – 'ഇപ്പൊഴല്ലേ മനസ്സിലായത് ഈ കാളിദാസനെ?'

പൂവ് കണ്ടാൽ തേൻ നുകരാൻ കൊതിക്കുന്ന കേവലമൊരു സൗന്ദര്യാരാധകൻ മാത്രമായിരുന്നോ പൗരവൻ? അന്തഃപുരത്തിൻ അനേകമുണ്ട് ഹംസപദികമാർ അദ്ദേഹത്തിന്. ശകുന്തളയോടദ്ദേഹത്തിന് തോന്നിയഭ്രമം തോഴര് പറയുംപോലെ മധുരം ചെടിച്ചവന് പുളി രുചിക്കാനുള്ള മോഹത്തിന്നപ്പുറമെന്തെങ്കിലുമായിരുന്നോ?

ശാകുന്തളം ഒരു വേട്ടയുടെ കൂടി കഥയാണെന്ന് ആദ്യം സൂചിപ്പിച്ചത് കാളിദാസനാണ്. ദുഷ്യന്തന് ആദ്യത്തെ മുന്നറിയിപ്പ് നൽകിയത് മുനിമാരാണ് – 'ആശ്രമ മൃഗമാണ്, കൊല്ലരുതേ.' തപോവനത്തിന്റെ പ്രശാന്തതയിലേയ്ക്ക് രഥം ഇടിച്ചുകയറ്റുകയായിരുന്നു, രാജാവ്; അതും ഭയന്നോടുന്ന മാനിന്റെ പിന്നാലെ ശരം തൊടുത്തുകൊണ്ട്. രണ്ട് ബിംബങ്ങൾ കൂടി കവി നൽകുന്നുണ്ട് – ഒന്ന് മദിച്ച ആന; രണ്ട്, മുരളുന്ന വണ്ട്. ഈ മൂന്ന് ബിംബങ്ങൾ ചേർത്ത് കാളിദാസനെ ഇന്നുവായിക്കുമ്പോൾ ശാകുന്തളം വേട്ടയുടെ കഥയാകും, ഇര സ്ത്രീയോ, മാൻപേടയോ പ്രകൃതിയോ ആരുമാകാം, എല്ലാം ചേർന്നുമാകാം. ഇത്തരമൊരു

പുനർവായനയാണ് ചന്ദ്രദാസൻ നടത്തുന്നത്. ഇതിന്റെ ദൃശ്യാവിഷ്കാരത്തിന് ആശ്രയിച്ചിരിക്കുന്നത് കാളിദാസൻ നൽകുന്ന ബിംബങ്ങളെത്തന്നെയാണ്. ആശ്രമത്തിന്റെ അന്തരീക്ഷമൊരുക്കുന്നതിന് പൂക്കൾക്കും ചെടികൾക്കുമൊപ്പം കാളിദാസബിംബങ്ങളുടെ ദൃശ്യാവിഷ്കരണങ്ങളായ ധാരാളം പെയിന്റിങ്ങുകളും ഉപയോഗിച്ചിട്ടുണ്ട്. വളരെ രസകരമായി തോന്നിയ ഒരു കാര്യം, കൊട്ടാരത്തിൽ രാജാവ് വരയ്ക്കുന്ന സ്ത്രീകളുടെ ചിത്രങ്ങൾക്കൊന്നും മുഖമില്ല എന്നതാണ്; ശക്തമാണിതിന്റെ സൂചന. തുടക്കം മുതൽ ഗാനങ്ങളിലൂടെ ഒഴുകുകയാണ് അരങ്ങും അതിലെ ചലനങ്ങളും. ക്ലാസിക്കൽ രംഗവേദിയുടെ ഇറുക്കം ഒരിടത്തും കാഴ്ചയിൽ അനുഭവപ്പെടുന്നില്ല.

ദുഷ്യന്തനിൽ സൗന്ദര്യാരാധകനായ ഒരു കാമുകനുണ്ട്, സാക്ഷാൽ കാമദേവൻ. കരിമ്പിൻതണ്ടിൽ കുരുക്കിയ പൂക്കളാണ് ശരങ്ങൾ. ക്രൂരനായ വേട്ടക്കാരനുമുണ്ട് – അതാണ് സോപനാപതി. നായാടുന്നത് രസമാണയാൾക്ക്. ഇരകളുടെ പ്രാണൻ പിടയുന്നത് കാണാനുള്ള കൗതുകം. ഏറ്റവും ശ്രദ്ധേയമായ കാര്യം തന്റെ ചെയ്തികളെ നിശിതമായി വിമർശിക്കുന്ന മനസാക്ഷി രാജാവിനുണ്ട്. അതാണ് തോഴർ. ഓരോഘട്ടത്തിലും രാജാവിന്റെ ദൗർബല്യങ്ങളയാൾ തിരിച്ചറിയുന്നു; തിരുത്താൻ ശ്രമിക്കുന്നു. അധികാരം സ്തുതികളെ മാത്രമേ കൂടെനിർത്തൂ. ദുഷ്യന്തന് പക്ഷേ, സന്തതസഹചാരി തന്റെ വിമർശകനാണ്. വിദൂഷകനെ ഇത്തരത്തിൽ വളർത്തിയെടുത്തത് സംവിധായകന്റെ നേട്ടമാണ്.

തനിനാടൻ ഈണങ്ങളിലൂടെ കൈവരിക്കാൻ കഴിഞ്ഞ ഒഴുക്കാണ് അവതരണത്തിന്റെ മറ്റൊരു സവിശേഷത. പ്രധാനപ്പെട്ട മുഹൂർത്തങ്ങൾ മനസ്സിൽ തറയ്ക്കുന്നത് ഈ ഗാനങ്ങളിലൂടെയാണ്. 'അറിവീലെനിക്ക് നിൻ അന്തരംഗം' എന്നുതുടങ്ങുന്നു കാമലേഖനം. 'അവൻ പോയി മറഞ്ഞേൻ വനത്തെ വനത്തിൽ വിട്ട്' – ദുഷ്യന്തന്റെ വിരഹം. 'എന്റെ ഗേഹം കൂട്ടുകാരും മാലിനിയും മാൻകിടാവും, നെഞ്ചുകീറിപോണു ഞാനും' എന്നാണ് ശകുന്തളയുടെ ആശ്രമത്തോടുള്ള വിടവാങ്ങൽ. സമാഗമരംഗമവതരിപ്പിച്ചതിലെ കൈയടക്കത്തിന് കാരണം 'എന്നുള്ളിൽ നുരയുന്ന മാരമോഹം' എന്നതിലെ ഈണമാണ്. ഹംസപദികയ്ക്ക് ഇരയിമ്മൻ തമ്പിയുടെ ഈരടികൾ നൽകിയത് കേരളീയമായ അന്തരീക്ഷം സൃഷ്ടിക്കാൻ കുറച്ചൊന്നുമല്ല സഹായിച്ചത്.

നാല്പതോളം കലാകാരന്മാരുടെ ഏറെ നാളത്തെ പ്രയത്നമാണ് ആദ്യാവതരണത്തിൽ സഫലമായത്. അഭിനേതാക്കളുടെ കാര്യത്തിൽ പുതിയൊരു രീതിയാണ് ഇത്തവണ ലോകധർമ്മി പരീക്ഷിച്ചത്. പരസ്യം ചെയ്ത് താത്പര്യമുള്ളവരെ ക്ഷണിച്ചുവരുത്തി അഭിരുചിക്കനുസരിച്ച് കലാകാരന്മാരെ തെരഞ്ഞെടുത്തു. പ്രശസ്തരാണെങ്കിലും പലരും ഈ വേദിയിൽ പുതുമുഖങ്ങളാണ്. പ്രേക്ഷകർക്ക് പരിചിതയായ ദിവ്യ ഗോപിനാഥ് ആണ് ശകുന്തള, സന്തോഷ് കീഴാറ്റൂർ ദുഷ്യന്തനും. കലാമണ്ഡലം ആർച്ചയും റോസ് ഷെറിനും അന

സൂയാപ്രിയംവദമാരായി. സുധീർ ബാബുവിനായിരുന്നു വിഷമമേറിയ വിദൂഷകവേഷം. സേനാപതി കലാമണ്ഡലം ശരത്. രമ്യാസുവിയുടെ ഗൗതമിയും ആദിത്യ, ശ്രീദീപ് എന്നിവരുടെ ശാർങ്ഗരവ ശാരദ്വതന്മാരും ദീപേഷിന്റെ കണ്വനും ആശ്രമാന്തരീക്ഷം നിലനിർത്താൻ ഏറെ സഹായിച്ചു. പാർവ്വതിയും കീർത്തനയും ആഖ്യാനങ്ങൾ മികവുറ്റതാക്കി; ആഭയുടെ തൂപ്പുകാരി അസ്സലായി.

ബിജിബാൽ സംവിധാനം ചെയ്ത സംഗീതമാണ് അവതരണത്തിന്റെ മികവ് നിലനിർത്തിയത്. കഥാപാത്രങ്ങൾ സ്വയംപാടികൊണ്ട് അഭിനയിച്ചതും പുതുമയായി. ചമയത്തിന്റെ ചുമതല പട്ടണം റഷീദിനായിരുന്നു. ഉമേഷ് സുധാകറിന്റെ നേതൃത്വത്തിൽ പിന്നണി; പ്രകാശസംവിധാനം ഗോവിന്ദ്സിങ്ങിനും ജോളി ആന്റണിക്കും.

മലയാളനാടകവേദി വെല്ലുവിളികളെ അതിജീവിച്ചു എന്നുപറയാറായിട്ടില്ല; എങ്കിലും വലിയ പ്രതീക്ഷ നൽകുന്നു ചന്ദ്രദാസനും ലോകധർമ്മിയും.

---

ഡോ. കെ.ജി. പൗലോസ്: അധ്യാപകൻ; പ്രിൻസിപ്പൽ, സംസ്കൃതകോളേജ്; റജിസ്ട്രാർ, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല; വൈസ്ചാൻസലർ, കേരളകലാമണ്ഡലം കല്പിതസർവ്വകലാശാലാ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. സിംലയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ് സ്റ്റഡിയിൽ ഫെല്ലോ ആയിരുന്നു. E-mail: kgpaulose@gmail.com, www.kgpaulose@info.com.